THURSDAY 21-10-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -21/10/2021

1. **സുഭിക്ഷ കേരളം – പഴവർഗ്ഗകൃഷി പദ്ധതി** പ്രകാരം തൃശൂർ ജില്ലയിൽ അവക്കാഡോ, ലിച്ചി, മാംഗോസ്റ്റിൻ, പാഷൻഫ്രൂട്ട്, റംബൂട്ടാൻ, ഡ്യൂരിയാൻ മറ്റു ഫവലൃക്ഷങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു ഹെക്ടറിന് 30,000 രൂപയാണ് സബ്സിഡി. അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം **ഈ മാസം** 23-നകം കൃഷിഭവനിൽ സമർപ്പിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9383473443** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കർഷകർക്കായി ഓൺലൈൻ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകീട്ട് 4 മണി വരെ കൃഷി സംബന്ധമായ സംശയങ്ങൾക്ക് 9961433467 (സസ്യരോഗ കീട നിയന്ത്രണം) 9447654148 (മൃഗസംരക്ഷണം) 9497485324 (വിളപരിപാലനം) എന്നീ ഫോൺ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

3. തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റെൻഷൻ യൂണിറ്റിലെ ഹാച്ചറിയിൽ നിന്നും ഈ മാസം 28 മുതൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യമുള്ളവർ ഫാം ഓഫിസിൽ ബുക്ക് ചെയ്യണമെന്ന് അസിസ്റ്റൻ ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ ലിംഗനിർണ്ണയം നടത്താത്ത കോഴിക്കുഞ്ഞുങ്ങളെ 18 രൂപ നിരക്കിൽ ഫാമിൽ നിന്നും വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **9645491459, 9447584870, 8590274132** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. നിയന്ത്രിതകമിഴ്ത്തിവെട്ടിന്റെ ശാസ്ത്രീയവശങ്ങളെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. റബ്ബറിൽനിന്ന് ദീർഘകാലത്തേക്ക് മെച്ചപ്പെട്ട ഉത്പാദനം ലഭ്യമാക്കുന്നതിനും പട്ടമരപ്പ്, മറ്റു രോഗങ്ങൾ എന്നിവമൂലം പുതുപ്പട്ടയിൽ ടാപ്പിങ് സാധ്യമാകാതെ വരുന്ന മരങ്ങളിൽനിന്ന് ആദായം നേടുന്നതിനും സഹായിക്കുന്ന ഒരു വിളവെടുപ്പുരീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് നാളെ (ഒക്ടോബർ 22) രാവിലെ 10 മുതൽ

ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622.**

5. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള എക്കോഫാമിൽ 2021-22 വരഷത്തെ അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ **മൾട്ടിസ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഇൻ ഇന്റഗ്രേറ്റഡ് റിസോഴ്സ് മാനേജ്മെന്റ് സെന്റേർഡ് ഓൺ ലൈവ്സ്റ്റോക്ക് ആന്റ് പൗൾട്രി** എന്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസം കാലാവധിയുള്ള കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതിനുള്ള യോഗ്യത പത്താം ക്ലാസ്സ് ആണ്. 30 വയസ്സിനു താഴെയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പ്രവശനത്തിനുള്ള സൗജന്യ അപേക്ഷാ ഫാമുകൾ www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അല്ലെങ്കിൽ തൃശൂർ മണ്ണുത്തി വെറ്ററിനറി കോളേജിലെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള എക്കോഫോം ഓഫീസിൽ നിന്ന് 2021 **നവംബർ** 10-ാം തീയതി വരെ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ പ്രായം, വിദ്യാഭ്യാസ യോഗ്യത, ജാതി, മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം താക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം 2021 **നവംബർ 15**-ന് മുൻപായി തപാൽ മുഖേനയോ, നേരിട്ടോ **കോഴ്സ് ഡയറക്ടർ ആന്റ് പ്രൊഫസസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് ആന്റ് എക്കോഫാം, കോളേജ് ഓഫ് വെറ്ററിനറി സയൻസസ്, മണ്ണുത്തി, തൃശൂർ 680651** എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9048824497** എന്ന ഫോൺ നമ്പരിലോ, ecofarmmty@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് (ഒക്ടോബർ 21) രാവിലെ 10.30 മുതൽ ഓൺലൈൻ പിശീലനം നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കാനായി **9188522713** എന്ന നമ്പരിൽ വാട്സ്ആപ്പ് മെസേജ് അയയ്ക്കേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർനഴ്സറിപരിപാലനത്തിൽ** പരിശീലനം നൽകുന്നു. **മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം** എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 25, 26 തീയതികളിൽ കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (21.10.2021) **കാട വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 - 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം **25-ന്** (25/10/2021) രാവിലെ 10.30 മണിക്ക് **ഫാം ലൈസൻസിംഗ് നടപടിക്രമങ്ങൾ** എന്ന വിഷയത്തിലും 26-ന് രാവിലെ 10.30 ന് **ഡയറിഫാമുകളിലെ മാലിന്യസംസ്കരണം** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/qdo-ubsz-huc എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക